Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - പൂത്തൃക്ക ഗ്രാമ പഞ്ചായത്ത് - കുമ്മണ്ണൂർ കുഴി കോളനി കുടിവെള്ള പദ്ധതി, മലേക്കുരിശ് മിച്ച ഭൂമി കോളനി കുടിവെള്ള പദ്ധതി എന്നിവയുടെ വൈദ്യുതി ചാർജ് കുടിശിക ടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. 1337/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 15.05.2012.

---

പരാമർശം:-

1) പൂത്തൃക്ക ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.03.2012-ലെ എ8-5452/11 നമ്പർ കത്ത്.
2) പൂത്തൃക്ക ഗ്രാമ പഞ്ചായത്തിന്റെ 29.02.2012-ലെ 3(1)-ാം നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

പൂത്തൃക്ക ഗ്രാമ പഞ്ചായത്തിലെ കുമ്മണ്ണൂർ കുഴി കോളനി കുടിവെള്ള പദ്ധതി, മലേക്കുരിശ് മിച്ച ഭൂമി കോളനി കുടിവെള്ള പദ്ധതി എന്നിവയുടെ വൈദ്യുതി ചാർജ് കുടിശിക ടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒടുക്കുന്നതിന് അനുമതി നൽകണമെന്ന് മേൽ പരാമർശം ഒന്ന് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുമ്മണ്ണൂർ കുഴി കോളനി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് 3614/- രൂപയും 28.06.2010 മുതലുള്ള 18% പലിശയും 5% സി.സി.യും മലേക്കുരിശ് മിച്ച ഭൂമി കോളനി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് 29,651/- രൂപയും 23.12.10 മുതലുള്ള 18% പലിശയും 5% സി.സി.യും ഉൾപ്പെടുന്ന തുക; തുടർന്നുവരുന്ന വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃ സമിതി തന്നെ അടയ്ക്കേണ്ടതാണ് എന്ന നിബന്ധനയിൻകീഴിൽ തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നതിന് പൂത്തൃക്ക ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.വേണുഗോപാലൻ നായർ,
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
സെക്രട്ടറി, പൂത്തൃക്ക ഗ്രാമ പഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊച്ചി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിലേയ്ക്കായി)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ